ഐ ടി മിഷന് അംഗീകാരം

# ഇ- ഡിസ്ട്രിക്ട് പദ്ധതിക്ക് കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യ പുരസ്ക്കാരം

**തിരുവനന്തപുരം 10 ഡിസംബർ 2012: ഇ-ഗവേർണൻസ് രംഗത്തെ മികവിന് കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യ ഏർപ്പെടുത്തിയിട്ടുള്ള സി എസ് ഐ ഇ-നിഹിലന്റ് ദേശീയ പുരസ്ക്കാരം 2012 സംസ്ഥാന ഐ ടി മിഷൻ നടപ്പിലാക്കിയ ഇ-ഡിസ്ട്രിക്ട് പദ്ധതിക്ക് ലഭിച്ചു. കൊൽക്കത്തയിൽ നടന്ന ചടങ്ങിൽ മിഷൻ കോ-ഓർഡിനേറ്റർ കെ.പി.നൗഫൽ പുരസ്ക്കാരം ഏറ്റുവാങ്ങി.**

**വിവിധ സർട്ടിഫിക്കറ്റുകളും ഇതര സർക്കാർ സേവനങ്ങളും പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജനസേവന (അക്ഷയ) കേന്ദ്രങ്ങൾവഴി ഓൺലൈനായി ലഭ്യമാക്കുന്നതാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. പ്രാരംഭഘട്ടമായി ദേശീയതലത്തിൽ 51 ജില്ലകളിൽ നടപ്പിലാക്കിയ ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ വിജയകരമായി നടപ്പിലാക്കിയിരുന്നു.**

**ദേശീയതലത്തിൽ ലഭിച്ച ഇരുന്നൂറിൽപ്പരം അപേക്ഷകളിൽ നിന്നാണ് സി എസ് ഐ ഇ-നിഹിലന്റ് പുരസ്ക്കാരത്തിന് കേരളം തെരഞ്ഞെടുക്കപ്പെട്ടത്. ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ നടത്തിപ്പ് നേരിട്ട് വിലയിരുത്തുന്നതിനായി സി എസ് ഐ ദേശീയ ജൂറി പ്രസ്തുത ജില്ലകളിൽ പര്യടനം നടത്തിയിരുന്നു.**

ഡയറക്ടർ

**ഫോട്ടോ ക്യാപ്ഷൻ:** ഇ-ഗവേർണൻസ് രംഗത്തെ മികവിനുള്ള സി എസ് ഐ ഇ-നിഹിലന്റ് പുരസ്ക്കാരം കൊൽക്കത്തയിൽ നടന്ന ചടങ്ങിൽ ഐ ടി മിഷൻ കോ-ഓർഡിനേറ്റർ കെ.പി.നൗഫൽ സി എസ് ഐ സ്ഥാപക പ്രസിഡന്റ് പത്മശ്രീ പി.വി.എസ് റാവുവിൽ നിന്നും ഏറ്റുവാങ്ങുന്നു.